**Week -3**

# The Daring Disciples

## (ധൈര്യപ്പെട്ട ശിഷ്യൻമാർ - ലൂക്കോ :24:33)



സദൃ: (29:25) ൽ മാനുഷഭയം ഒരു കെണിയാണ് എന്ന് കാണുന്നു. ഭയം കടന്നുകൂടിയാൽ അത് നമ്മുടെ ഉയർച്ചയെ ബാധിക്കും. എന്നാൽ ധൈര്യപ്പെടുത്തുവാൻ ഒരാൾ വന്നാൽ ഭയന്നോടിയവർ തന്നെ ധൈര്യത്തോടെ ഉയർച്ചയിലേക്ക് കടക്കും. ഭയപ്പെടാതെ യഹോവയിൽ ആശ്രയിക്കുന്നവർ രക്ഷപ്രാപിക്കുന്നു. ക്രൈസ്തവ ലോകത്ത് അറിയപ്പെടുന്ന വേദപണ്ഡിതൻമാരിൽ പ്രമുഖനായ ആഡം ക്ലാർക്ക് സ്ക്കൂൾ വിദ്യാഭ്യാസകാലത്ത് പഠനവിഷയങ്ങളെ ഭയന്നതിനാൽ അദ്ധ്യാപകരെയും ഭയപ്പെട്ടിരുന്നു. പഠിക്കുവാൻ താല്പര്യം തോന്നാത്ത ഈകുട്ടിയെ സഹപാഠികളും അദ്ധ്യാപകരും പരിഹസിച്ചിരുന്നു. ഒരിക്കൽ അവിടെ എത്തിയ മാന്യനായ ഒരു വ്യക്തി ആഡത്തിന്റെ ക്ലാസ്സിൽ ചെന്നപ്പോൾ അവനെ കാട്ടി അദ്ധ്യാപകർ പറഞ്ഞത് മന്ദബുദ്ധിയായകുട്ടി എന്നാണ്. ഒന്നും മിണ്ടാതെ പോയ അദ്ദേഹം വിദ്യാലയത്തിൽ നിന്ന് പോകുന്നതിനു മുൻപ് ആഡത്തിനെ വിളിപ്പിച്ച് □കുഞ്ഞേ ആരു പരിഹസിച്ചാലും വിഷമിക്കാതെ കഠിനമായി അധ്വാനിക്കുക, വിജയം സുനിശ്ചിതമാണ്□ എന്ന് പറഞ്ഞ് ധൈര്യപ്പെടുത്തി. ആ പ്രോത്സാഹനത്തിന്റെ വാക്കുകൾ മറ്റുള്ളവർ തന്നോടു ചെയ്ത അന്യായത്തെ അതിജീവിക്കുവാൻ ആഡത്തിനെ സഹായിച്ചു. അവന്റെ ഭയം മാറി മിടുക്കനായി.

Read വിലാ (3:57)

എമ്മവുസ്സിൽ നിന്ന് ധൈര്യപ്പെട്ട രണ്ട് ശിഷ്യൻമാർ യെറുശലേമിലേക്ക് മടങ്ങി എങ്കിൽ അവരുടെ ഭയം മാറ്റി ധൈര്യപ്പെടുത്തുവാൻ ഒരാൾ അടുത്തു വന്നതുകൊണ്ടാണ്. ലൂക്കോ:(24:13)ൽ □അന്നുതന്നെ□എന്ന് പറയുമ്പോൾ എന്ന് ? എന്ന ചോദ്യം നമ്മെ ലൂക്കോ(24:1-12) വരെയുള്ള ഭാഗത്തേക്ക് കൊണ്ടുപോകുന്നു. ഉയർത്തെഴുന്നേറ്റ യേശു മുന്നമേ പറഞ്ഞതുപോലെ മരണത്തെ ജയിച്ചതിൽ സന്തോഷിക്കേണ്ട ശിഷ്യൻമാരാണ് ഇപ്പോൾ ഭീതിയിലായിരിക്കുന്നത്. ദൈവത്തോട് കൂടെ നടക്കുന്നവർ ഭയപ്പെടേണ്ട കാര്യമില്ല എന്നിട്ടും അവർ യെറുശലേമിൽ നിന്ന് പുറപ്പെടുവാൻ തീരുമാനിച്ചു.

ഭയം മാറണമെങ്കിൽ യെരുശലേമിൽ തന്നെ നിൽക്കണമെന്ന് യേശുവിന്റെ രക്തത്താൽ വീണ്ടെടുത്ത പുതിയനിയമസഭയ്ക്ക് പരിശുദ്ധാത്മാവ് മുന്നറിയിപ്പ് നൽകുന്നു. പുതിയനിയമസഭയോടുള്ള ബന്ധത്തിൽ യെറുശലേം പ്രധാനമായും പത്തുകാര്യങ്ങൾക്കുള്ള നിഴലാണ്.

1. രക്ഷയുടെ അനുഭവത്തിന്റെ നിഴൽ - ഗലാ:4:22

   ഒന്ന് പറഞ്ഞ് മറ്റൊന്നിനെ പഠിപ്പിക്കുന്നു. യെശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവൻ വാഗ്ദത്ത സന്തതികളായി മാറിയ രക്ഷയുടെ നിഴൽ.

2. ദൈവനാമത്തിൽ കൊടുക്കുന്നതിന് നിഴൽ -റോമ:15:25,26
3. ആരാധനയ്ക്ക് നിഴൽ -യോഹ:4:21
4. നിത്യ ജീവന്റെ നിഴൽ - വെളി: 3:12
5. വാഗ്ദത്തങ്ങൾക്കും ദർശനങ്ങൾക്കും നിഴൽ - വെളി:21:10
6. പരിശുദ്ധാത്മാഭിഷേകത്തിന് നിഴൽ- അപ്പോ:പ്ര:1:4
7. സത്യഉപദേശത്തിന് - അപ്പോ:പ്രവ:5:28
8. മഹിമ കണ്ട സാക്ഷ്യം വഹിക്കുന്നതിന് നിഴൽ -അപ്പോ:പ്രവ:10:39
9. കൂട്ടായ്മ - അപ്പോ:പ്രവ:21:17
10. പ്രാർത്ഥന - അപ്പോ:പ്രവ:22:17

ഭയപ്പെടേണ്ട എന്നരുളിയ കർത്താവിന്റെ നിഴൽ വിട്ടിട്ടാണ് രണ്ട് ശിഷ്യൻമാർ എമ്മവുസ്സിലേക്ക് പുറപ്പെട്ടത്. ഒരു കൂട്ടം സഹോദരങ്ങളുടെ (ഏകദേശം 120 പേർ - Acts 1:15) കൂട്ടായ്മ ഉപേക്ഷിച്ച് 7 മൈൽ യാത്ര ചെയ്താണ് അവിടെ എത്തിയത്.

എന്നിട്ടും ആ നാഴികയിൽ തന്നെ അവർ മടങ്ങി എന്ന് പറയുമ്പോൾ അതിന് ഒരു കാരണം ഉണ്ടാകും. വഴിയാത്രയിലെ അവരുടെ നിരാശയുടെയും ഭയത്തിന്റെയും കാരണം ലൂക്കോ:24:7-9 വരെയുള്ള ഭാഗത്ത് കാണാം. ഇവരുടെ യാത്രയിൽ ഒരു വിശിഷ്ട വ്യക്തി അവരോടൊപ്പം ചേർന്ന് നടന്ന് അവരുടെ നിരാശയുടെയും പ്രശ്നത്തിന്റെയും കാരണം തിരക്കി.

യെറുശലേമിലെ സംഭവങ്ങൾ പ്രവചനാത്മകമാണെന്ന് പഴയനിയമവ്യാഖ്യാനത്തിലൂടെ അദ്ദേഹം അവരെ മനസ്സിലാക്കി. രാപാർക്കുവാൻ ഈ അതിഥിയെ അവർ ക്ഷണിച്ചപ്പോൾ അതിഥി  ആതിഥേയനായി മാറുന്ന പ്രവർത്തിയാണ് അദ്ദേഹം ചെയ്തത്.

ലൂക്കോ:(22:19) ഉം (24:30) താരതമ്യം ചെയ്താൽ അന്ത്യ അത്താഴ സമയത്ത് ചെയ്ത പ്രവർത്തിയാണ് ഇവിടെയും നടന്നത്. മൂന്ന് കാര്യങ്ങൾ അവിടെ സംഭവിച്ചു.

1. അപ്പം എടുത്ത് അനുഗ്രഹിച്ചു
2. അപ്പം നുറുക്കി
3. അവർക്ക് അത് നൽകി.

അപ്പോൾ അവരുടെ കണ്ണ് തുറന്നു അവർ അവനെ അറിഞ്ഞു. ഉയർത്തെഴുന്നേറ്റ യേശുവിനെ തിരിച്ചറിഞ്ഞവരുടെ ഭയവും നിരാശയും മാറി ധൈര്യപ്പെട്ടതുകൊണ്ടാണ്  അവർ വേഗം എഴുന്നേറ്റ് യെറുശലേമിലേക്ക് മടങ്ങിയത്. ആ സന്തോഷം അവരുടെ നടപ്പിന് വേഗതകൂട്ടി. ഇപ്പോൾ "Jesus is risen" എന്ന ശക്തമായ ഒരു ദൂത് അവരുടെ കൈവശമുണ്ട്. എമ്മവുസ്സ് എന്ന വാക്കിന് ചെറിയ ഇടം അഥവാ ഉറപ്പില്ലാത്ത ഇടം എന്നാണർത്ഥം. അവരോട് സംസാരിച്ച യേശുവിന്റെ വാക്കുകളാണ് വീണ്ടും ധൈര്യം നൽകി അവരെ ആത്മീയ ഉന്നതിയിലേക്ക് അയച്ചത്,

പ്രീയകുഞ്ഞുങ്ങളേ ! ലോകമോഹികൾ നിങ്ങളുടെ കണ്ണ് കുരുടാക്കും. ദൈവവചനം ശ്രവിച്ച് പഠിച്ച് ആത്മീയ പടവുകൾ കയറുക. യെറുശലേമിലേക്ക് ഭയമില്ലാതെ മടങ്ങി ആ ദൈവസാന്നിദ്ധ്യം അനുഭവിക്കുക. യെറുശലേമിൽ തന്നെ പാർക്കുവാൻ ദൈവം നിങ്ങളെ ശക്തീകരിക്കട്ടെ.

ശാന്തമ്മ വർഗ്ഗീസ്
**Santhamma Varghese**
biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg